കേന്ദ്രഗവണ്മെൻറിന്റെ അനുമതി ആൻറിസിപ്പേറ്റു ചെയ്തുകൊണ്ടാണു്. കേന്ദ്രഗവണ്മെൻറിന്റെ അനുമതി കിട്ടുന്നതോടുകൂടി ബാക്കിയുള്ള ജോലികളും തുടന്നു നടത്തുന്നതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : നമ്മുടെ സംസ്ഥാനത്തെ വാട്ടർ ട്രാൻസ്പോർട്ടു നാവിഗേഷൻ ഇന്നും പല സ്ഥലങ്ങളിലും ശരിയായ മെയിൻറനൻസു് ഇല്ലാത്തതുകൊണ്ടു് മുടങ്ങിക്കിടക്കുകയാണു്. അടിയന്തിരാവസ്ഥയെ പരിഗണിച്ചു് സാധനങ്ങളും വളരെ വേഗത്തിൽ കൊണ്ടുപോകുന്നതിനുള്ള ഒരു പരിശ്രമമെന്ന നിലയിൽ മുങ്ങിക്കിടക്കുന്ന നമ്മുടെ സംസ്ഥാനത്തെ കനാലുകളും മുഴുവൻ നന്നാക്കുന്നതിനുള്ള വല്ല പദ്ധതിയും ഗവണ്മെൻറിന്റെ പക്കൽ ഉണ്ടോ ? ഇല്ലെങ്കിൽ, ഇതു സംബന്ധിച്ചു പരിശോധന നടത്തി ഒരു പരിപാടി തയാറാക്കാൻ ശ്രമിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : നമ്മുടെ തോടുകളിൽ വേണ്ടപോലെ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തി ഈ പദ്ധതിക്കാലത്തുതന്നെ ചില സ്ഥലങ്ങളിൽ എടുത്തു നടത്തുന്നുണ്ടു്. പ്രധാനമായി മൂന്നാം പദ്ധതിയിൽ വക കൊള്ളിച്ചിട്ടുള്ളതു് വടകര—മാഹി കനാലിനാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കനോലി കനാലിന്റെ ചില പണികളും ഇതിൽ ഉൾപ്പെടുമെന്നു പറഞ്ഞു. അതിന്റെ സ്വഭാവമെന്താണു് ?

ശ്രീ. പി. പി. ഉമ്മർകോയ : ആഴം കൂട്ടുക, വീതി കൂട്ടുക, ജട്ടികൾ ഉണ്ടാക്കുക എന്നുള്ളവയാണു് ഉദ്ദേശിച്ചിട്ടുള്ളതു്.

അരിവില വർദ്ധനവു്

* 8. [4] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർമാസത്തിൽ സംസ്ഥാനത്തെ അരിവില അമിതമായി വർദ്ധിക്കുകയുണ്ടായോ ;

(ബി) 1962 ഡിസംബർ മാസത്തിൽ ഉണ്ടായിരുന്ന വിലയെ അപേക്ഷിച്ചു് ഒരു ചാക്കു് അരിക്കു് എത്ര രൂപയുടെ വിലവർദ്ധനവു് 1963 ഡിസംബറിൽ ഉണ്ടായിരുന്നു ;

(സി) ഈ വിലവർദ്ധനവു് തടയാൻ എന്തെല്ലാം നടപടികളും സർക്കാർ എടുത്തു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഉണ്ടായി.

(ബി) ചമ്പായിനം അരിക്കു് കിലോഗ്രാമിനു് 16 രൂപ വരെയും മറ്റിനം അരിക്കു് 7 രൂപാവരെയും വില വർദ്ധിച്ചിട്ടുണ്ടു്.

(സി) ആന്ധ്രായിൽനിന്നും കൂടുതൽ അരി ഇറക്കുമതി ചെയ്യുന്നതിനും അരി എത്രയും വേഗത്തിൽ സംസ്ഥാനത്തിൽ എത്തിച്ചേരുന്നതിനും വേണ്ട നടപടികളും എടുത്തു. വഴിക്കുള്ള സ്ഥലങ്ങളിൽ റെയിൽവെ വാഗനുകളും യഥാക്രമം നീങ്ങാതെ കിടക്കുന്നതിനെ പരിശോധിച്ചു് അവയെ സ്പെഷ്യൽ ട്രെയിൻമാർഗ്ഗമായി അതാതു സ്ഥലങ്ങളിലേക്കയയ്ക്കാൻ ഗവണ്മെൻറിൽനിന്നും ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചു. ഏതാനും ആഴ്ചകളിലെങ്കിലും റേഷൻ വർദ്ധിപ്പിക്കുന്നതിനു കേന്ദ്രഗവണ്മെൻറിനെ പ്രേരിപ്പിക്കുകയും 5000 ടൺ അരി ഈ ആവശ്യത്തിലേക്കു വരുത്തുകയും ചെയ്തു. ഈ സ്റ്റോക്കു കൊണ്ടു് 22-12-63 മുതൽ രണ്ടു ആഴ്ചക്കാലത്തേക്കു ന്യായവില ഷാപ്പുകൾവഴി 2 ഇടങ്ങഴി അരി വീതം ഓരോ കുടുംബത്തിനും കൊടുക്കാൻ ഏർപ്പാടുചെയ്തു.

കച്ചവടക്കാരുടെ അമിത ലാഭേച്ഛയെ നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർ കോൺഫറൻസുകൾ വിളിച്ചുകൂട്ടുകയും അമിതമായ വിലവർദ്ധനവു് വരുത്താതിരിക്കുന്നതിനു് കർശനമായ നിർദ്ദേശം നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ : ഗവണ്മെന്റിൽനിന്നു എടുത്ത നടപടികൾമൂലം ഇപ്പോൾ ചാക്കൊന്നിന് എത്രകണ്ടു വില കുറഞ്ഞിട്ടുണ്ട് എന്നുപറയാൻ സാധിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇപ്പോൾ ഏകദേശം, മുമ്പ് വിലകൂട്ടുന്നതിനുമുമ്പുണ്ടായിരുന്ന വിലതന്നെ എത്തീട്ടുണ്ട്. എന്നാൽ ചിലയിനം അരിക്കു വില കുറഞ്ഞിട്ടില്ല.

ശ്രീ. മൊഹിസീൻബിൻ അഹമ്മദ് : 1963 ഡിസംബർ മാസത്തിൽ ഇങ്ങനെ വില വർദ്ധിക്കാനുള്ള കാരണങ്ങളും എന്താണെന്നു പറയുവാൻ മേവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസ് : കാരണങ്ങളും അന്നുതന്നെ ഞാൻ വിശദീകരിച്ചിട്ടുണ്ട്. പ്രധാനമായും മദ്രാസിലും, ആന്ധ്രായിലും നെല്ലുകുത്തുന്നതിനുള്ള സൗകര്യങ്ങളും ഇല്ലാതായിത്തീരത്തക്കവണ്ണം അവിടെ സൈക്ലോൺ കണ്ടീഷൻസു ഉണ്ടായിരുന്നതുകൊണ്ടായിരുന്നു.

ശ്രീ. എൻ. ഈ. ബലരാം : ഗവണ്മെന്റിന്റെ എല്ലാ ഹോൾസെയിൽ ഷാപ്പുകളിലും സൊസൈറ്റികളിലും 48 രൂപ ചാക്കൊന്നിനു വിലവച്ചു വിറ്റിരുന്നപ്പോൾ കച്ചവടക്കാർ അരിയുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ച് ചാക്കിനു അൻപത്തിയെട്ടും, അറുപതും രൂപ വിലവച്ചു വിൽക്കുകയും ചെയ്തുകയുണ്ടായി. അങ്ങനെ കച്ചവടക്കാർ വിലവർദ്ധിപ്പിക്കാൻ കാരണം, അരിയുടെ സ്റ്റോക്കു ഇല്ലായ്മയാണ് എന്നു പറയുന്നതു ശരിയാണോ ?

ശ്രീ. ഈ. പി. പൗലോസ് : അതു ശരിയല്ല. അന്നു ചില ആഴ്ചകളിൽ മദ്രാസിൽ ചില ഇനം അരിക്കുണ്ടായിരുന്ന വിലപോലും കേരളത്തിൽ ഇല്ലാതിരുന്നു എന്നുള്ളതാണ് വസ്തുത. പക്ഷെ, സാമാന്യമായിട്ടു മദ്രാസിലും ആന്ധ്രായിലും ഉള്ള അരിയുടെ വിലയും ട്രാൻസ്പോർട്ട് ചാർജ്ജും, മാർജിൻ ആഫ് പ്രാഫിറ്റും കണക്കാക്കി നോക്കുമ്പോൾ കച്ചവടക്കാർ അമിതമായ ലാഭം എടുത്തു എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : മുന്നൂറിലധികം തൊഴിലാളികളും തൊഴിൽചെയ്യുന്ന കേന്ദ്രങ്ങളിലെല്ലാം ഫെയർ പ്രൈസ് ഷാപ്പുകളും തുറക്കണമെന്നുള്ള ഒരു തീരുമാനം ഉണ്ടായതിനെ തുടർന്നു ഇപ്പോൾ എവിടെയെല്ലാം അപ്രകാരം ഫെയർ പ്രൈസ് ഷാപ്പുകളും തുറന്നുകഴിഞ്ഞിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ഈ. പി. പൗലോസ് : അതിലേക്കു നിയുക്തമായിട്ടുള്ള ബോഡിൽ നിന്നും കുറെ ലിസ്റ്റുകളും അവർ തയാറാക്കീട്ടുണ്ട്. എന്നാൽ ഇന്നു സ്റ്റോക്കു കുറവായതുകൊണ്ടു ഫെയർ പ്രൈസ് ഷാപ്പുകളും പെട്ടെന്നു തുറക്കുന്നതിനുള്ള തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എം. വി. വാസു : പാലക്കാട്ടുജില്ല ഒരു മിച്ചപ്രദേശമായതുകൊണ്ട് അവിടെ ഫെയർ പ്രൈസ് ഷാപ്പുകളും തുറക്കേണ്ടതായ ആവശ്യം അത്രയില്ല എന്നു മന്ത്രി പറഞ്ഞതായി പത്രങ്ങളിൽ വാർത്ത കണ്ടു. എന്നാൽ, അവിടെ കൊയ്ത്തുകഴിഞ്ഞാൽ നെല്ല് ഭൂടമസ്ഥന്മാരുടെ പത്തായത്തിലാകുകയും, അവിടെ തൊഴിലാളികൾക്കു നെല്ലിനുപകരം പണം കൂലിയായിട്ടാണു കിട്ടുന്നതു എന്നുള്ളതുംകൊണ്ടു കൂടുതൽ ഫെയർ പ്രൈസ് ഷാപ്പുകളും പാലക്കാട്ടു ജില്ലയിൽ തുറക്കാൻ മേവുണ്ടാകുമോ ?

ശ്രീ. ഈ പി. പൗലോസ് : അവിടെ ഫെയർ പ്രൈസ് ഷാപ്പുകളും ഒട്ടും കൊടുക്കുകയില്ലാ എന്നു ഗവണ്മെന്റു തീരുമാനം എടുത്തിട്ടില്ല. പക്ഷെ, സാമാന്യമായിട്ടു മറ്റു സ്ഥലങ്ങളിൽ ഉള്ളതുപോലെ അവിടെ ഫെയർ പ്രൈസ് ഷാപ്പുകളും അനുവദിച്ചിട്ടില്ല. കാരണം, അതു ഒരു മിച്ച ജില്ലയാണെന്നാണ് വച്ചിരിക്കുന്നതു്.

ശ്രീ. ആർ. സുഗതൻ : ഈ സ്റ്റേറ്റു ട്രേഡിംഗ് കാർപ്പൊറേഷൻ മുഖാന്തിരം അരി മുതലായ നിത്യോപയോഗസാധനങ്ങളും വാങ്ങി വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരുന്നു എങ്കിൽ ഇങ്ങനെ വിലക്കുടുതൽ ഉണ്ടാകുമായിരുന്നില്ല എന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ ?

ശ്രീ. ഈ. പി. പൗലോസ് : അങ്ങനെ തോന്നുന്നില്ല. സ്റ്റോറു ടേഡിംഗ് കോർപ്പൊറേഷൻമുഖേന അങ്ങനെ വിതരണം നടത്തുകയാണെങ്കിൽ സാധനങ്ങളുടെ വില കുറയാൻ സാദ്ധ്യതയുണ്ടെന്നേ പറയുന്നതു അത്ര ശരിയല്ല. അങ്ങനെ ആണെങ്കിൽതന്നെയും ഗവണ്മെൻറു കൊടുക്കുന്ന അരി ഉടനെതന്നെ ബ്ലാക്കു മാക്കറ്റു ചെയ്യുകയും മറ്റു അസ്വസ്ഥതകളും ഉണ്ടാകാൻ സാദ്ധ്യതയുമുണ്ട് എന്നു പറഞ്ഞേക്കാം. ഏതായാലും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അതു പ്രായോഗികമാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അരിയുടെ വില വർദ്ധിക്കുവാനുള്ള കാരണങ്ങളും മന്ത്രി ഇവിടെ പറഞ്ഞതു അവിടെ കാലാവസ്ഥ പ്രതികൂലമായിരുന്നതുകൊണ്ടാണെന്നാണു്. എന്നാൽ അവിടെ മിച്ചമുണ്ടായിരുന്ന അരി ഇങ്ങോട്ടു കയറ്റി അയയ്ക്കുന്നതിനു ഗവണ്മെൻറുനിലവാരത്തിൽ ചെയ്ത പരിശ്രമങ്ങളും എന്തോ ചില പ്രത്യേക കാരണങ്ങൾകൊണ്ടു അതായതു്, യഥാസമയം വാഗൺ കിട്ടാത്തതുകൊണ്ടു കയറ്റി അയയ്ക്കാൻ സാധിച്ചില്ല എന്നുള്ളതാണെന്നും, അതേസമയം കച്ചവടക്കാർ അവിടെ നിന്നും ധാരാളം അരി കൊണ്ടുവന്ന അമിതമായ വിലയ്ക്കു വിറ്റഴിച്ചു എന്നുള്ളതാണു് ഈ വിലവർദ്ധിക്കാൻ കാരണം എന്നും ഉള്ള വസ്തുത ഇന്നു പരക്കെ പ്രചാരത്തിലിരിക്കുകയാണു്. അപ്പോൾ ഈ വാഗൺ തക്കസമയത്തു കിട്ടാത്തതുകൊണ്ടാണു് അരിയുടെ വില വർദ്ധിക്കാനുള്ള പ്രധാനമായ കാരണം എന്നുള്ളതിനെ ഗവണ്മെൻറു കണക്കിലെടുത്തുകൊണ്ടു ശരിയായി വാഗൺ ലഭിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളും എടുത്തുകഴിഞ്ഞാൽ ഈ വിലവർദ്ധനവു തടയാൻ സാധിക്കുമെന്നുള്ളതുകൊണ്ടു അതുസംബന്ധിച്ചുള്ള തീരുമാനം മേലിലെങ്കിലും എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസ് : അവിടെനിന്നും വാഗണിൽ കയറ്റി അയച്ച അരി ഇവിടെ എത്താൻ താമസിച്ചു എന്നുള്ളതിൻെറ അടിസ്ഥാനത്തിൽ മാത്രമാണു് അങ്ങനെ പൊതുവെ അരിയുടെ ക്ഷാമം ഉണ്ടായതു എന്നു പറയുന്നതു ശരിയല്ല. പൊതുവെ അരിയുടെ ക്ഷാമമുണ്ടായിരുന്നു. വാഗണെ സംബന്ധിച്ചും പറഞ്ഞു. അതു കഴിയുന്നതും വേഗം ഒഴിവാക്കുന്നതിനുവേണ്ടി ആന്ധ്രാസ്സും കേരളത്തിനും ഇടയ്ക്കു് ഒരു ഉദ്യോഗസ്ഥൻ സഞ്ചരിച്ചുകൊണ്ടുതന്നെയിരുന്നു. ഇതുകൂടാതെ ഒരു സ്ഥിരം സ്പെഷ്യലാഫീസറെ അവിടെ നിയമിക്കയുമുണ്ടായിട്ടുണ്ടു്.

ശ്രീ. എ. എ. റഹിം : കേരളത്തിലെ എല്ലാ ഡിസ്ട്രിക്റ്റുകളിലും ഇപ്പോൾ ഹോൾസെയിൽ കൺസ്യൂമർ കോവാപ്പറേറ്റീവു് സൊസൈറ്റികൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു അരിയുടെ വിതരണം മുഴുവനും ഈ സൊസൈറ്റികളെ ഏൽപ്പിക്കുന്നതിനെന്താണു വിഷമം ?

ശ്രീ. ഈ. പി. പൗലോസ് : അതേപ്പറ്റി ഗവണ്മെൻറു ആലോചിച്ചുവരികയാണു്. അവർക്കു ആവശ്യമായ ക്രെഡിറ്റു ഫെസിലിറ്റീസു നൽകാം എന്നു അറിയിച്ചിട്ടുണ്ടു്. അങ്ങനെ വരുമ്പോൾ ആവശ്യം വരുന്ന സമയത്തു എടുത്തു ഉപയോഗിക്കത്തക്കപോലെ സ്റ്റോക്കു സൂക്ഷിക്കണമെങ്കിൽ അവർക്കു അതിനു ഗാരൻറി കൊടുക്കേണ്ടിവരും. അടുത്തുതന്നെ അതുസംബന്ധിച്ചു ഒരു തീരുമാനം എടുക്കാൻ കഴിയും.

ശ്രീ. എം. നാരായണക്കുറുപ്പ് : അരിയുടെ വില നിയന്ത്രിക്കാൻ വേണ്ടി കാഡ് ഒന്നിനു രണ്ടിടങ്ങഴി അരിവീതം വിതരണംചെയ്തിരുന്നതു ഇപ്പോൾ പ്രാബല്യത്തിലുണ്ടോ ; അതു നടന്നുവരുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : ആ തീരുമാനം രണ്ടാഴ്ചത്തേക്കു മാത്രമാണു് എടുത്തിരുന്നതു്. ഇപ്പോൾ അങ്ങനെ രണ്ടിടങ്ങഴി അരി വീതം കൊടുക്കുന്നില്ല. എന്തെങ്കിലും ഒരു പ്രതിസന്ധിഘട്ടം വന്നാൽ അതേപ്പറ്റി ആലോചിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : അരിയുടെ വില വർദ്ധിച്ചതോടെ നിത്യോപയോഗസാധനങ്ങളുടെ വിലയും വർദ്ധിച്ചു. എന്നാൽ അരിയുടെ വില കുറഞ്ഞ അവസരത്തിൽ അതുപോലെ മറ്റു നിത്യോപയോഗസാധനങ്ങളുടെ വില കുറഞ്ഞിട്ടുമില്ല. അതുസംബന്ധിച്ചു ഗവണ്മെൻറ് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. ഈ പി. പൗലോസ് : മറ്റു നിത്യോപയോഗസാധനങ്ങളുടെ വില കൂടിയിട്ടുണ്ട്. എന്നാൽ അരിയുടെ വില കുറഞ്ഞതുപോലെതന്നെ മറ്റു സാധനങ്ങളുടെ വില കുറഞ്ഞിട്ടില്ലാ എന്നുള്ളതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അരിയുടെ വില കൂടിയതിനെപ്പറ്റി അന്നു രണ്ടുമൂന്നാഴ്ചക്കാലത്തെ അവിചാരിതമായുണ്ടായ പ്രതികൂലാവസ്ഥകൊണ്ടു നെല്ലുകുത്തി അരിയാക്കി വാഗണുകളിൽ കയറ്റി ഇവിടെ എത്തിക്കാൻ കാലതാമസം നേരിട്ടതുകൊണ്ടാണു് അരി ഇവിടെ കിട്ടാത്തതെന്നു അന്നു് ബഹു: മന്ത്രി ഇവിടെ പറഞ്ഞു. അതുതന്നെയാണു് ഇന്നും ബഹുമന്ത്രി പറഞ്ഞതു?. അന്നു പറഞ്ഞതും ഞാൻ ഓർക്കുന്നുണ്ടു്. അതുതന്നെയാണോ ഇന്നും വില വർദ്ധനവിനുള്ള കാരണം.

ശ്രീ. ഈ. പി. പൗലോസ് : അന്നു പറഞ്ഞതു ഇന്നും ആവർത്തിച്ചു എന്നേയുള്ളൂ.

ശ്രീ. എസ് കുമാരൻ : അരിയുടെവില അമിതമായി വർദ്ധിച്ചതിനെ നിയന്ത്രിക്കാൻ അന്നു കാർഡു് ഒന്നിനു് രണ്ടിടങ്ങഴി അരി വിതരണം നടത്താൻ തീരുമാനിച്ചു. എന്നാൽ അതനുസരിച്ചു കൂടിയ വില പഴയതരത്തിലായിട്ടില്ല. ഈ രണ്ടിടങ്ങഴി എന്നുള്ളതു നിറുത്തുകയും ചെയ്തു. അതുകൊണ്ടു് അതു വീണ്ടും തുടരാൻ വേണ്ട നടപടിയെടുക്കുമോ; അതു അങ്ങനെയാണെങ്കിൽ വീണ്ടും തുടരേണ്ടതല്ലേ ?

ശ്രീ. ഈ. പി. പൗലോസ് : രണ്ടിടങ്ങഴി അരി രണ്ടാഴ്ചക്കാലത്തേയ്ക്കു മാത്രമാണു് അനുവദിച്ചതു്. എല്ലാ ഇനം അരിക്കും വില കുറഞ്ഞിട്ടില്ല. അരിയുടെ ഷാർട്ടേജുണ്ടായിരുന്നപ്പോഴാണു് അങ്ങനെ തീരുമാനിച്ചതു്. എന്തായാലും സെൻട്രൽ ഗവണ്മെൻറ് ഇപ്പോഴും രണ്ടിടങ്ങഴി അരി വിതരണം ചെയ്യുന്നതു് തുടരുന്നതിനനുകൂലമല്ല. കാരണം, വടക്കേ ഇൻഡ്യയിലെ പ്രത്യേകിച്ചു ബംഗാളിലെ അരിക്ഷാമവും ഇവിടത്തെ സെൻട്രൽഗൊഡൌണിലുള്ള സ്റ്റോക്കിന്റെ കുറവും ആണു്. അതുകൊണ്ടു് ഇപ്പോഴും രണ്ടിടങ്ങഴി ആക്കുന്നതിനെപ്പറ്റി ഗവണ്മെൻറിനു ആലോചിക്കാൻ നിവൃത്തിയില്ല.

ഭക്ഷ്യവിഷബാധ

* 9. [5] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1963 നവംബർ, ഡിസംബർ ഈ മാസങ്ങളിൽ സ്റ്റേറിൽ എവിടെയെല്ലാം ഭക്ഷ്യവിഷബാധയുണ്ടായി ;

(ബി) ഇതുകൊണ്ടു് അവശരായവർ എത്ര പേർ ;

(സി) ഒല്ലൂരിൽ പനകുറിച്ചിറ അങ്ങാടിയിൽ തൈക്കുട്ടത്തിൽ വാറുണ്ണിയുടെ വീട്ടിലെ പത്താളുകൾക്കു് ഭക്ഷ്യവിഷബാധ ഉണ്ടായോ;

(ഡി) ഇവരിൽ എത്രപേർ മരണമടഞ്ഞു ; എത്ര പേർ രക്ഷപ്പെട്ടു ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) 1963 നവംബർമാസത്തിൽ കണ്ണൂർ ഡിസ്ട്രിക്ടിൽ തളിപ്പറമ്പ താലൂക്കിൽ കുപ്പം എന്ന സ്ഥലത്തും, തലശ്ശേരിതാലൂക്കിൽ മണ്ണന്തേരി എന്ന സ്ഥലത്തും 1963 ഡിസംബർമാസത്തിൽ കണ്ണൂർ ഡിസ്ട്രിക്ടിൽ തലശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly